ഉത്തരം

(എ) പ്രതിമാസം ശരാശരി 4164 രൂപയാണ് ചെലവ് വരുന്നത്.

(ബി) മുമ്പ് പ്രസ്തുത സാധനങ്ങൾ സപ്ലൈകോ, മാർജിൻ ഫ്രീഷോപ്പ് എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങിയിരുന്നത്. ഇവിടെനിന്ന് വാങ്ങിയിരുന്ന സാധനങ്ങൾ കേരള സോപ്സ് ആന്റ് ഓയിൽസ് ഉൽപ്പന്നങ്ങളാണ്.

(സി) പ്രസ്തുത സാധനങ്ങൾ കഴിഞ്ഞമാസം മുതൽ കേരള സോപ്സ് ആന്റ് ഓയിൽസിന്റെ പക്കൽനിന്നും വാങ്ങിവരുന്നു.

ഹാൻടെക്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി

28 (3105)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ നവീനവും ആകർഷകവുമായ തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ വേണ്ടി ഗവൺമെന്റ് എന്തെല്ലാം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഹാൻടെക്സിന്റെ വിപുലീകരണത്തെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടി അഹമ്മദാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥാപനം അതിന്റെ പഠനറിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്പോളത്തിൽ കൂടുതൽ പ്രിയങ്കരമായ ഇനങ്ങൾ മനസ്സിലാക്കി ഉപഭോക്താക്കൾക്ക് ഇഷ്ടപ്പെട്ട തരത്തിലുള്ള ഡിസൈനുകൾ ചേർത്ത് അംഗ കൈത്തറി സംഘങ്ങൾ വഴി ഉൽപ്പാദിപ്പിച്ച് വിറ്റഴിക്കുവാനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. ഹാൻടെക്സ് പ്രോസസ്സ് ഹൗസിൽ കൂടുതൽ വൈവിദ്ധ്യമാർന്ന പ്രിന്റിംഗിന് ആവശ്യമായ മെഷിനറി വാങ്ങി അതിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി എടുത്തുകഴിഞ്ഞു. ബാലരാമപുരത്ത് സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറൈസ്ഡ് ഡിസൈൻ സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള തുണിത്തരങ്ങളും ഉൽപ്പാദിപ്പിച്ച് ഓർഡറുകൾ ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്തുവരുന്നു.

(ബി) കമ്പോളത്തിൽ പ്രിയങ്കരമായ വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ഹാന്റെക്സിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

പുതുതായി മാർക്കറ്റിൽ ഇറക്കിയ സ്റ്റെയിൻ ഗാർഡ് ബെഡ്ഷീറ്റുകൾ കമ്പോളത്തിൽ വളരെ പ്രിയങ്കരം ആയിരുന്നു. പുതുമയുള്ള വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള ജക്കാർഡ് സംവിധാനത്തിനുപകരമായി കമ്പ്യൂട്ടറിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ജക്കാർഡ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി)&(എഫ്) റിപ്പോർട്ട് ഹാൻടെക്സിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ഹാൻടെക്സ് സ്വീകരിച്ചുവരുന്നു.

എ.എസ്.വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി

29 (3106) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, വടകര അസംബ്ലി മണ്ഡലങ്ങളിലെ ചോറോട് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത എ.എസ് വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിടവും ഇരുപത് തറികളും പൂർത്തീകരിച്ചു. 2000-മേയിൽ ഉൽപ്പാദനം തുടങ്ങുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ലഭിക്കുന്ന വായ്പകൾ

30 (3107) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ലഭിക്കുന്ന വിവിധ ഇനം വായ്പകൾ ഏതെല്ലാം;

(ബി) 1999 ജനുവരിമുതൽ ഡിസംബർ വരെ എന്തുതുകയ്ക്കുള്ള വായ്പ അനുവദിച്ചു;

(സി) വായ്പ തുക സ്വയംതൊഴിൽ സ്ഥാപനം തുടങ്ങാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(ഡി) വായ്പ തുക മുഴുവൻ ഗഡുവും നൽകുന്നതിനു മുമ്പ് തന്നെ വായ്പതുക തിരിച്ചടക്കുന്ന വ്യവസ്ഥ നിർത്തലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly